LIBRARY ARCHIVES Kerala Legislative Assembly

കഞ്ഞിക്കുഴിയിലെ ഫ്ലൈ ഓവർ പദ്ധതി

64(2420) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോട്ടയം നഗരത്തിൽ കഞ്ഞിക്കുഴിയിലെ ഫ്ലൈ ഓവർ പദ്ധതി നടപ്പിലാക്കുന്നതിന് 40 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടും പ്രസ്തുത പ്രവൃത്തിയിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രോജക്ടിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തിക്ക് 4-12-2015-ലെ ജി.ഒ (ആർ.ടി)നമ്പർ 1804/2015/പി.ഡബ്ല്യു.ഡി പ്രകാരം 3071 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചെങ്കിലും ഫണ്ടിംഗ് ഏജൻസിയായ കെ.ആർ.എഫ്.ബി.-യുടെ ഫണ്ടിന്റെ അപര്യാപ്തതയും ലാൻഡ് അക്വിസിഷൻ പ്രൊവിഷൻ ഇല്ലാത്തതിനാലും നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. നിലവിൽ കേന്ദ്ര റോഡ് ഗതാഗതഹൈവേ മന്ത്രാലയത്തിന്റെ ആനുവൽ പ്ലാൻ 2021-22-ലെ അംഗീകാരം ലഭിച്ച പട്ടികയിൽ കഞ്ഞിക്കുഴി ഫ്ലൈഓവർ നിർമ്മാണവുമായി ബന്ധപ്പെട്ട സ്ഥലം ഏറ്റെടുപ്പിനായി 20 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.

ചുള്ളിമട പാലം

65(2421) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ ചുള്ളിമട പാലത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

പാലക്കാട് ജില്ലയിലെ ആലത്തൂർ നിയോജകമണ്ഡലത്തിലെ ചുള്ളിമട പാലത്തിന്റെ സബ്സ്ട്രക്ചർ പ്രവൃത്തികളും അപ്രോച്ച് റോഡിന്റെ സംരക്ഷണ ഭിത്തിയുടെ നിർമ്മാണവും പുരോഗതിയിലാണ്. റിവർ പ്രൊട്ടക്ഷൻ പ്രവൃത്തി അവസാന ഘട്ടത്തിലാണ്.

(ബി) പാലത്തിന്റെ നിർമ്മാണ പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

കാലാവസ്ഥ അനുയോജ്യം ആയാൽ പ്രവൃത്തി 28-1-2021 തീയതിക്കകം പൂർത്തീകരിക്കാൻ സാധിക്കും.